പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4566 — 18.05.2017 ൽ മറുപടിയ്ക്ക്

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ മലപ്പുറം ജില്ലയിൽ എവിടെയെല്ലാം കളിസ്ഥലങ്ങൾ വികസിപ്പിക്കാൻ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | എ) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ എടപ്പാൾ ഗവ.എച്ച്.എസ്.എസിലും നിലമ്പൂരിലും മിനി സ്റ്റേഡിയം നിർമ്മിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 13.02.2017 ലെ സർക്കാർ ഉത്തരവ് നം.33/17/കാ.യു.വ പ്രകാരം രണ്ടു പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഏറനാട് മണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും കളിസ്ഥലം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ; | ബി) & സി) | ഇല്ല. എന്നാൽ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും, പ്രദേശത്തിന്റെ ആവശ്യകതയും അനുസരിച്ച് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്. |
| സി) | പ്രസ്തുത പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ